**പതിനാലാം കേരള നിയമസഭ**

പതിമൂന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.809    30.11.2018 -ലെ മറുപടിക്ക്**

**<u>അംബേദ്കർ പദ്ധതിയും ഹാംലെറ്റ് വികസന പദ്ധതിയും</u>**

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.പി.കെ.ബഷീർ** | | **ശ്രീ. എ.കെ.ബാലൻ (പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | ഏറനാട് മണ്ഡലത്തിലെ ഏതെല്ലാം പ്രദേശങ്ങളിലെ പട്ടികജാതി പട്ടികവർഗ്ഗ കോളനികളെയാണ് അംബേദ്കർ പദ്ധതിയിലും ഹാംലെറ്റ് വികസന പദ്ധതിയിലും ഉൾപ്പെടുത്തിയിട്ടുള്ളത്; വിശദമാക്കുമോ; | (എ) | അംബേദ്കർ ഗ്രാമവികസന പദ്ധതിയിൽ എടവണ്ണ ഗ്രാമപഞ്ചായത്തിലെ വെള്ളാമ്പുറം പട്ടികജാതി കോളനിയും ഹാംലറ്റ് വികസന പദ്ധതിയിൽ പെരുവമ്പാടം പട്ടികവർഗ്ഗ കോളനിയുമാണ് ഏറനാട് മണ്ഡലത്തിൽ നിന്നും ഉൾപ്പെടുത്തിയിട്ടുള്ളത്. |
| (ബി) | ഈ പദ്ധതികൾ പ്രകാരമുള്ള വികസന പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | (ബി) | വെള്ളാമ്പുറം പട്ടികജാതി കോളനിയുടെ എസ്റ്റിമേറ്റ് 26.09.2018-ൽ അംഗീകരിച്ച് ടെണ്ടർ നടപടി പൂർത്തീകരിച്ചിട്ടുള്ളതും പ്രവൃത്തികൾ സത്വരം ആരംഭിക്കുന്നതുമാണ്. പെരുവമ്പാടം കോളനിയിലെ പ്രവൃത്തികൾ ഏകദേശം പൂർത്തിയായിട്ടുണ്ട്. വീടുകളുടെ പ്ലാസ്റ്ററിംഗ്, പെയിന്റിംഗ് എന്നിവ മാത്രമാണ് ശേഷിക്കുന്നത്. |
| (സി) | പ്രസ്തുത വികസന പ്രവൃത്തികളുടെ കരാർ ഏറ്റെടുത്തത് ഏത് ഏജൻസിയാണ്; എന്നാണ് കരാർ നൽകിയത്; വ്യക്തമാക്കുമോ; | (സി) | അംബേദ്കർ ഗ്രാമപദ്ധതിയുടെ കരാർ 29.03.2017-ൽ നിർവ്വഹണ ഏജൻസിയായ ജില്ലാ നിർമ്മിതി കേന്ദ്രവുമായി ഒപ്പിട്ടു. ഹാംലറ്റ് വികസന |

| | | | |
|---|---|---|---|
| | | | പദ്ധതിയുടെ കരാർ 11.02.2014-ന് ജില്ലാ നിർമ്മിതി കേന്ദ്രം ഏറ്റെടുത്തിട്ടുണ്ട്. |
| (ഡി) | പ്രസ്തുത പദ്ധതികൾ ആരംഭിച്ചിട്ടില്ലെങ്കിൽ എന്ന് ആരംഭിക്കുവാൻ കഴിയുമെന്ന് വിശദമാക്കുമോ? | (ഡി) | അംബേദ്കർ ഗ്രാമപദ്ധതിയുടെ നിർമ്മാണ പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ട്. ഹാംലറ്റ് വികസന പദ്ധതിയുടെ ഡി.പി.ആർ അംഗീകരിക്കുന്നതിനുള്ള ജില്ലാതല വർക്കിങ് ഗ്രൂപ്പ് യോഗം 12.12.2018-ന് നിശ്ചയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ